# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7660 15.07.2014-ൽ മറുപടിയ്ക്ക്

### ഇ - ഗ്രാന്റ്സ് പദ്ധതി.

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഫിഷറീസ് വകുപ്പിൽ 2014-15 വർഷത്തിൽ ഇ-ഗ്രാന്റ് പദ്ധതി സി-ഡിറ്റ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) 2014-15 വർഷത്തിൽ ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സി-ഡിറ്റ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ഏകദേശം അയ്യായിരത്തോളം വരുന്ന പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് മുഖേന വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ് തുടർന്ന് രണ്ടാം ഘട്ടത്തിൽ പ്രീ-മെട്രിക് കുട്ടികൾക്കും ഇ -ഗ്രാന്റ് പദ്ധതിയിലൂടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്. എസ് സി / എസ് ടി വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ അതേ മാതൃകയിലുള്ള സോഫ്റ്റ് വെയറാണ് ഫിഷറീസ് വകുപ്പിനു വേണ്ടിയും തയ്യാറാക്കുന്നത്. 11,24,161/- രൂപ ചെലവു വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ